പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3170 20.12.2012 - ൽ മറുപടിക്ക്

# ദേവധാർ മേൽപ്പാലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) താനൂരിലെ ദേവധാർ മേൽപ്പാലത്തിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) താനൂരിലെ ദേവധാർ മേൽപ്പാലത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഇവിടെ റെയിൽവേയുടെ ഭാഗം റെയിൽവേ തന്നെയാണ് നിർമ്മിക്കുന്നത്. ആർ. ബി. ഡി. സി. കെ നിർമ്മിക്കുന്ന 18 സ്പാനിൽ 16 എണ്ണത്തിന്റെയും നിർമ്മാണം കഴിഞ്ഞു. ബാക്കി രണ്ടെണ്ണം ജനുവരി അവസാനത്തോടെ തീർക്കാൻ കഴിയുമെന്നാണ് കരുതുന്നത്. റെയിൽവേയുടെ പണിയും നടന്നുകൊണ്ടിരിക്കുന്നുണ്ട്. |
| (ബി) ഇത് യാഥാർത്ഥ്യമാവുന്നതോടെ താനൂർ റെയിൽവേ ഗേറ്റ് അടയ്ക്കുമ്പോൾ 5000 ത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന ദേവധാർ ഗവൺമെന്റ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്കുണ്ടാകുന്ന യാത്രാ ക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.റെയിൽവേ സ്പാനിനോട് ചേർത്ത് കോവണി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നിരന്തരം തീവണ്ടി തട്ടി അപകടമുണ്ടാകുന്ന ഇവിടെ ഒരു ഫുട്ട് ഓവർ ബ്രിഡ്ജോ അണ്ടർ പാത്ത്‌വേയോ പണിയുന്ന കാര്യം പൊതുമരാമത്ത് വകുപ്പ് പരിഗണിക്കുമോ ; | (സി) & (ഡി) | ഇക്കാര്യം റെയിൽവേ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | ഇതിനായി എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നതെന്ന വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | | |

Salitha

സെക്ഷൻ ഓഫീസർ.